# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1431** — **21.03.2012 ൽ മറുപടിക്ക്**

## തൊഴിലുറപ്പ് പദ്ധതി പ്രകാരം നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.ജമീലാ പ്രകാശം: | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്ക്കാരികവും വകുപ്പു മന്ത്രി) |
| (എ) നടപ്പ് സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പു പദ്ധതിക്കായി എത്ര തുക കേന്ദ്ര ഗവൺമെന്റിൽ നിന്നും വിഹിതമായി ലഭിച്ചു; | (എ) നടപ്പ് സാമ്പത്തിക വർഷം (20.03.2012 വരെ) 84800.71 ലക്ഷം രൂപ കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത തുക ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി സംസ്ഥാന ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ; | (ബി) ബ്ലോക്ക്/ജില്ലാ/സംസ്ഥാനതലങ്ങളിൽ പ്രതിമാസ അവലോകന യോഗങ്ങൾ ചേർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (സി) | ബ്ലോക്ക്തലങ്ങളിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരുടെ നേതൃത്വത്തിലും ജില്ലാതലങ്ങളിൽ ജില്ലാ പ്രോഗ്രാം കോർഡിനേറ്റർമാരുടെ നേതൃത്വത്തിലും സംസ്ഥാനതലത്തിൽ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി/ മിഷൻ ഡയറക്ടറുടെ നേതൃത്വത്തിലും തൊഴിലുറപ്പ് പദ്ധതിയുടെ പ്രതിമാസ പുരോഗതി അവലോകനം ചെയ്ത് വരുന്നുണ്ട്. പ്രസ്തുത യോഗത്തിൽ പദ്ധതിയുടെ നിർവ്വഹണ സംബന്ധമായ എല്ലാ പ്രശ്നങ്ങളും വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുണ്ടെന്നും ജില്ലകളുടെ ലേബർ ബഡ്ജറ്റ്/വാർഷിക കർമ്മ പദ്ധതി പ്രകാരമുള്ള പുരോഗതി ഉണ്ടെന്നും വിലയിരുത്തിയിട്ടുണ്ട്. ഇതു കൂടാതെ, ജില്ലാ തലത്തിൽ എം.പി മാരുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാ വിജിലൻസ് & മോണിറ്ററിംഗ് കമ്മിറ്റികളും സംസ്ഥാന തലത്തിൽ സംസ്ഥാന തൊഴിലുറപ്പു കൗൺസിലും പദ്ധതി പുരോഗതി വിലയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**